
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Malankara Marthommaa Suriyaani Sabha Bharanaghadana
# മലങ്കര മാർത്തോമ്മാ സുറിയാനി സഭ ഭരണഘടന




| | |
|---|---|
| Call Number | RR-1313/WM |
| Title | Malankara Marthommaa Suriyaani Sabha Bharanaghadana<br>മലങ്കര മാർത്തോമ്മാ സുറിയാനി സഭ ഭരണഘടന |
| Topic | Malankara Marthommaa Suriyaani Sabha Bharanaghadana<br>മലങ്കര മാർത്തോമ്മാ സുറിയാനി സഭ ഭരണഘടന |
| Author | Unknown. |
| Publisher/Year | 1990 |
| Printed at | V.G.G., Tiruvalla |
| Total Pages | 154 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #malankara #marthommasuriyaanisabha #bharanaghadana #vgg #tiruvalla #marthommasyrians |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# ഭരണഘടന

LIGHTED TO LIGHTEN

Copies 2000] [വില 10 രൂ

Printed at
V. G. C., Tiruvalla.
1990

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# ഭരണഘടന

തിരുവല്ല,
1990

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## ഭരണഘടന

—ഉള്ളടക്കം— പുറം


| | | | |
|---|---|---|---|
| മുഖവുര | | | |
| അദ്ധ്യായം | 1. | പ്രഖ്യാപനങ്ങൾ | 1— 3 |
| ,, | 2. | സഭാശുശ്രൂഷ: മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ. കശ്ശീശാ, ശെമ്മാശ്, അത്മായക്കാർ | 4— 9 |
| ,, | 3. | എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് | 9—19 |
| ,, | 4. | പട്ടക്കാർ | 20—23 |
| | | ശെമ്മാശ് | 23—26 |
| | | വികാരി ജനറാൾ | 26—27 |
| ,, | 5. | സഭ—പൊതുഭരണം | 27 —29 |
| ,, | 6. | എപ്പിസ്കോപ്പൽ സിനഡ് | 30—31 |
| ,, | 7. | സഭാപ്രതിനിധിമണ്ഡലം | 31—49 |
| ,, | 8. | പ്രതിനിധിമണ്ഡല തിരഞ്ഞെടുപ്പ് | 49—51 |
| ,, | 9. | സഭാകൗൺസിൽ | 52—56 |
| ,, | 10. | ഭദ്രാസന ഇടവകഭരണം | 57—65 |
| ,, | 11. | അസംബ്ലി—തിരഞ്ഞെടുപ്പ് | 65—72 |
| ,, | 12. | അസംബ്ലി-നടപടിക്രമം | 72—77 |
| ,, | 13. | ഭദ്രാസന കൗൺസിൽ | 78—82 |
| ,, | 14. | ഇടവക | 82—95 |
| ,, | 15. | വിവാഹ നിബന്ധനകൾ | 96—108 |
| ,, | 16. | ശേഷക്രിയ... | |



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

അനുബന്ധം

## I. പ്രതിനിധിമണ്ഡല തീരുമാനങ്ങൾ


1. കാര്യവിചാരണസമിതി 109–110
2. ഏകയോഗക്ഷേമസമിതി 110–111
3. പഞ്ചായത്തു ബോർഡ് 111–112
4. പട്ടക്കാരുടെ സജീവ സേവനകാലാവധി 112–113


## II. സഭാകൗൺസിൽ തീരുമാനങ്ങൾ


1. Mar Thoma Publication Board 113–115
2. ഹാർജിവിചാരണനിബന്ധനകൾ 115–119
3. Contributory Provident Fund of the Clergy and other Sabha Workers 119–124
4. വൈദിക പാഠശാലകളിലേക്കു പ്രവേശനത്തിനുള്ള തിരഞ്ഞെടുപ്പു നിബന്ധനകൾ 124–125
5. Clergy Pension and Gratuity Rules 126–130


ഫാറങ്ങൾ


A. എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പു ഫാറങ്ങൾ 131–138

B. പ്രതിനിധിമണ്ഡല തിരഞ്ഞെടുപ്പു ഫാറങ്ങൾ 139–141

C. രക്ഷാനിധിയിലേക്കുള്ള അപേക്ഷാഫാറം 142

D. Pension and Gratuity forms 143–145

E. സമ്മതപത്രം 146–148



www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

അനുബന്ധം

## I. പ്രതിനിധിമണ്ഡല തീരുമാനങ്ങൾ


1. കാര്യവിചാരണസമിതി 109–110
2. ഏകയോഗക്ഷേമസമിതി 110–111
3. പഞ്ചായത്തു ബോർഡ് 111–112
4. പട്ടക്കാരുടെ സജീവ സേവനകാലാവധി 112–113


## II. സഭാകൗൺസിൽ തീരുമാനങ്ങൾ


1. Mar Thoma Publication Board 113–115
2. ഹാർജിവിചാരണനിബന്ധനകൾ 115–119
3. Contributory Provident Fund of the Clergy and other Sabha Workers 119–124
4. വൈദിക പാഠശാലകളിലേക്കു പ്രവേശനത്തിനുള്ള തിരഞ്ഞെടുപ്പു നിബന്ധനകൾ 124–125
5. Clergy Pension and Gratuity Rules 126–130


ഫാറങ്ങൾ


A. എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പു ഫാറങ്ങൾ 131–138

B. പ്രതിനിധിമണ്ഡല തിരഞ്ഞെടുപ്പു ഫാറങ്ങൾ 139–141

C. രക്ഷാനിധിയിലേക്കുള്ള അപേക്ഷാഫാറം 142

D. Pension and Gratuity forms 143–145

E. സമ്മതപത്രം 146–148



CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# ഭരണഘടന

## ഒന്നാം വിഭാഗം

### അദ്ധ്യായം 1

## പ്രഖ്യാപനങ്ങൾ

### ഒന്നാം ഭാഗം

**1.** ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ശ്ലീഹന്മാരിൽ ഒരുവനായ മാർത്തോമ്മായാൽ സ്ഥാപിതമായതെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നതും, ആ പേരിനാൽ അറിയപ്പെടുന്നതുമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭ, കാതോലികവും ശ്ലൈഹികവും ആയ ഏക വിശുദ്ധ സഭയുടെ ഒരു ഭാഗമാകുന്നു.

2. ക്രിസ്തുസഭ എല്ലാക്കാലവും വിശ്വസിച്ചുപോന്നിട്ടുള്ളപ്രകാരം മനുഷ്യജാതിയുടെ വീണ്ടെടുപ്പിനായി അവതാരം ചെയ്ത ദൈവമായ യേശുക്രിസ്തുവിലും, ത്രിത്വത്തിൽ ഒരുവനായ താൻ മുഖാന്തരം, വെളിപ്പെടുത്തപ്പെട്ട ത്രിയേക ദൈവത്തിലും ഈ സഭ വിശ്വസിക്കുന്നു.

3. മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനി സഭ അംഗീകരിച്ചിരിക്കുന്നവയായി സകല വൈദിക വിഷയങ്ങൾക്കും ആധാരമായ അറുപത്തിയാറു പുസ്തകങ്ങൾ അടങ്ങിയിരിക്കുന്ന പഴയപുതിയനിയമങ്ങൾ എന്ന വേദപുസ്തകവും, വേദാനുസരണം സ്ഥാപിക്കപ്പെട്ടിരിക്കുന്ന നിഖ്യാവിശ്വാസപ്രമാണവും യാതൊരു പ്രകാരത്തിലും യാതൊരുത്തരാലും ഭേദപ്പെടുത്തുവാൻ പാടില്ലാത്തതും, ശെമ്മാശുസ്ഥാനം, കശീശ്ശാസ്ഥാനം, മെത്രാൻസ്ഥാനം എന്നീ വൈദിക

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# രണ്ടാം വിഭാഗം

## അദ്ധ്യായം 2

## സഭാശുശ്രൂഷ

7. **മെത്രാപ്പോലീത്താ:—** ഈ സഭയ്ക്കു മേലദ്ധ്യക്ഷനായി നിയമാനുസരണം വാഴിക്കപ്പെട്ടിട്ടുള്ള എപ്പിസ്കോപ്പാമാരിൽ മേല്പട്ടത്തമൂപ്പുള്ള ആൾ (ഒരേ സമയത്തു എപ്പിസ്കോപ്പാമാരായി വാഴിക്കപ്പെട്ടതാണെങ്കിൽ അവരിൽ പ്രായംകൂടിയ ആൾ) സാധാരണയായി മെത്രാപ്പോലീത്തായായി അവരോധിക്കപ്പെടുന്നതാണ്.

സഭയുടെ തെരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റികളോടൊന്നിച്ച് മെത്രാപ്പോലീത്താ ഔദ്യോഗിക നിലയിൽ ട്രസ്റ്റിയായിരിക്കുന്നതാണ്.

8. 1) മെത്രാപ്പോലീത്തായുടെ സഹായകന്മാരായി സഭാംഗങ്ങളിൽനിന്നും ഈ ഭരണഘടനാവ്യവസ്ഥകളനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ടു വാഴിക്കപ്പെടുന്ന ഒന്നോ അധികമോ എപ്പിസ്കോപ്പാമാർ ഉണ്ടായിരിക്കാവുന്നതാണ്.

2) സഭാകൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ആലോചനയോടുകൂടി എപ്പിസ്കോപ്പാമാരിൽ ഒന്നോ അധികമോ പേരെ (സാധാരണഗതിയിൽ മേല്പട്ടത്ത മൂപ്പ് അനുസരിച്ച്) സഫ്രഗൻ മെത്രാപ്പോലീത്താമാരായി നിയോഗിക്കുന്നതിനു മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. സഫ്രഗൻ മെത്രാപ്പോലീത്താമാരുടെ പ്രത്യേക ചുമതലകളും അധികാരങ്ങളും സഭാ കൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ആലോചനയോടുകൂടി മെത്രാപ്പോലീത്തായ്ക്കു നിശ്ചയിക്കാവുന്നതാണ്.

3) 'എപ്പിസ്കോപ്പാ' എന്ന പദത്തിന്റെ വ്യാപ്തിയിൽ വിഷയത്തിനോ സന്ദർഭത്തിനോ വിപരീതമായി യാതൊന്നുമില്ലാത്തപക്ഷം മെത്രാപ്പോലീത്തായും സഫ്രഗൻ മെത്രാപ്പോലീത്തായും ഉൾപ്പെടുന്നതാണ്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



നിധികളായിരിക്കുകയും, എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ്, വൈദീക തിരഞ്ഞെടുപ്പ് മുതലായവയിൽ പങ്കുകൊള്ളുകയും ചെയ്യുന്നതിനുള്ള അവകാശം അത്മായക്കാർക്കു ഉണ്ടായിരിക്കുന്നതാണ്.

### അദ്ധ്യായം 3

## എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ്

**14.** ഒന്നോ അതിലധികമോ എപ്പിസ്കോപ്പാമാരെ വാഴിക്കേണ്ടത് ആവശ്യമായിവരുമ്പോൾ ആയതു ഒരു പ്രമേയ രൂപത്തിൽ പ്രതിനിധിമണ്ഡലത്തിൽ അവതരിപ്പിച്ച് അനുമതി വാങ്ങേണ്ടതാണ്.

**15.** പ്രസ്തുത പ്രമേയം അംഗീകരിക്കപ്പെട്ടാൽ എപ്പിസ്കോപ്പാ സ്ഥാനത്തേക്കു യോഗ്യതയുള്ള പട്ടക്കാരുടെ പേരുകൾ നിർദ്ദേശിക്കുന്നതിനു മെത്രാപ്പോലീത്താ, സഭാസെക്രട്ടറി, പ്രതിനിധിമണ്ഡലം മണ്ഡലാംഗങ്ങളിൽനിന്നു തിരഞ്ഞെടുക്കുന്ന 22 ഇതര അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു എപ്പിസ്ക്കോപ്പൽ നോമിനേഷൻ ബോർഡിനെ പ്രതിനിധി മണ്ഡലം നിയമിക്കേണ്ടതാണ്. ഈ ബോർഡിൽ മെത്രാപ്പോലീത്തായ്ക്കു പുറമേ 9 കശ്ശീശന്മാരും 14 അത്മായക്കാരും ഉണ്ടായിരിക്കേണ്ടതാണ്. മെത്രാപ്പോലീത്താ ബോർഡിന്റെ അദ്ധ്യക്ഷനും, സഭാ സെക്രട്ടറി സെക്രട്ടറിയുമായിരിക്കും. ബോർഡിന്റെ കോറം 12 ആയിരിക്കുന്നതാണ്.

**16.** (1) എപ്പിസ്കോപ്പാസ്ഥാനത്തേക്കു നിർദ്ദേശിക്കപ്പെടുന്ന ഒരാളിനു താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.

a) ഉത്തമസ്വഭാവം, നല്ല നടത്ത, പഥ്യോപദേശം, വിശ്വാസസ്ഥിരത, ദൈവഭക്തി, പക്വബുദ്ധി, കാര്യപ്രാപ്തി എന്നിവകൊണ്ട് പൊതുസമ്മതം ലഭിച്ചിരിക്കുക;

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## അദ്ധ്യായം 4
# പട്ടക്കാർ
## കശീശാ

37. കശ്ശീശാസ്ഥാനം ഏല്ക്കുന്നവർ ക്രമപ്രകാരം ശെമ്മാശ്സ്ഥാനം ഏറ്റിട്ടുള്ളവരും 24 വയസ്സിൽ കുറയാതെ പ്രായമുള്ളവരും ആയിരിക്കേണ്ടതാണ്.

38. കശ്ശീശാസ്ഥാനം ഏല്ക്കേണ്ട ശെമ്മാശന്മാർ മാർത്തോമ്മാ വൈദിക സെമിനാരിയിലല്ലാതെ മറ്റേതെങ്കിലും വൈദിക പാഠശാലയിൽ അഭ്യസിച്ചവരെങ്കിൽ വൈദിക തിരഞ്ഞെടുപ്പു കമ്മറ്റിയുടെ അംഗീകരണം ലഭിച്ചശേഷം അവർ ഒരു മാസക്കാലമെങ്കിലും മാർത്തോമ്മാ വൈദിക സെമിനാരിയിൽ പള്ളിക്രമങ്ങൾ അഭ്യസിച്ചിരിക്കേണ്ടതാണ്.

39. എല്ലാ ശെമ്മാശന്മാരും മെത്രാപ്പോലീത്താ നിശ്ചയിക്കുന്ന ഒരു വികാരിയുടെ കീഴിൽ ആറുമാസക്കാലമിരുന്ന് ഇടവകഭരണവും പള്ളിശുശ്രൂഷകളും സംബന്ധിച്ച ആവശ്യമുള്ള പരിശീലനം സിദ്ധിക്കേണ്ടതാണ്. എന്നാൽ മെത്രാപ്പോലീത്തായുടെ യുക്തംപോലെ ഈ കാലയളവു കുറയ്ക്കാവുന്നതാണ്.

40. കശ്ശീശാസ്ഥാനം ഏല്ക്കുന്നവർ പള്ളിശുശ്രൂഷകൾ നടത്താൻ തക്കവണ്ണം പള്ളിക്രമങ്ങൾ പഠിച്ചിട്ടുണ്ടെന്ന് ഒരു മല്പാനിലോ, എപ്പിസ്കോപ്പൽ സിനഡ് നിശ്ചയിച്ചിട്ടുള്ള മറ്റു പട്ടക്കാരിലോ ഒരാളിന്റെ സർട്ടിഫിക്കേറ്റും, ഏതൊരു വികാരിയുടെ കീഴിൽ പരിശീലനം സിദ്ധിച്ചുവോ, ആ വികാരിയുടെ സർട്ടിഫിക്കേറ്റും ഹാജരാക്കേണ്ടതാണ്.

41. കാരണം പറയാതെ ഒരു ശെമ്മാശനു കശ്ശീശാസ്ഥാനം നിഷേധിപ്പാൻ മെത്രാപ്പോലീത്തായ്ക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.

42. *BLANK*

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## അദ്ധ്യായം 5

# സഭ – പൊതുഭരണം

57. ഭരണസൗകര്യത്തെ കരുതി സഭാകൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ആലോചനയോടുകൂടി ഈ സഭയെ ഭദ്രാസനങ്ങളായും (മെത്രാസന ഇടവകകൾ) എപ്പിസ്കോപ്പൽ സിനഡിരന്റ ആലോചനയോടുകൂടി ഭദ്രാസനങ്ങളെ സെന്ററുകളായും ഇടവകകളായും രൂപീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും മെത്രാപ്പോലീത്തായ്ക്കു അധികാരം ഉണ്ടായിരിക്കുന്നതാണ്.

58. 1) മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിനു വിധേയമായി എപ്പിസ്കോപ്പായും, എപ്പിസ്കോപ്പായുടെ അഭാവത്തിൽ, അർക്കദിയാക്കോനോ, വികാരി ജനറാളോ, ഭദ്രാസന ഇടവകകളുടെയും, വികാരിമാർ ഇടവകകളുടെയും ഭരണചുമതല വഹിക്കുന്നതാണ്.

2) ഭദ്രാസനത്തിന്റെ ഭരണ ചുമതല വഹിക്കുന്ന എപ്പിസ്കോപ്പായെ സഹായിക്കുന്നതിന് ഒരു സഹായ എപ്പിസ്കോപ്പായെ നിയോഗിക്കാവുന്നതാണ്. മെത്രാപ്പോലീത്തായോ ഭദ്രാസന എപ്പിസ്കോപ്പായോ ഭരമേല്പിക്കുന്ന എല്ലാ ചുമതലകളും ഭദ്രാസന എപ്പിസ്കോപ്പയുടെ നിർദ്ദേശങ്ങൾക്കു വിധേയമായി സഹായ എപ്പിസ്കോപ്പാ നിർവഹിക്കേണ്ടതാണ്.

3) ഭദ്രാസന ഭരണത്തിൽ എപ്പിസ്കോപ്പായെ സഹായിക്കുന്നതിന് ഒരു വികാരി ജനറാളിനെ സിനഡിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്താ നിയോഗിക്കേണ്ടതാണ്. അങ്ങനെ നിയോഗിക്കപ്പെടുന്ന വികാരിജനറാൾ ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ള ചുമതലകൾക്കു പുറമേ മെത്രാപ്പോലീത്തായോ ഭദ്രാനസ എപ്പിസ്കോപ്പായോ ഭരമേല്പിക്കുന്ന മറ്റു ചുമതലകളും നിവ്വ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

## അദ്ധ്യായം 9

# സഭാകൗൺസിൽ

**162.** എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുകയും, മെത്രാപ്പോലീത്താ സ്ഥിരപ്പെടുത്തുകയും ചെയ്യുന്ന പ്രതിനിധിമണ്ഡല നിശ്ചയങ്ങൾ നടപ്പിൽ വരുത്തുന്നതിനും, സഭാ ഭരണം സംബന്ധിച്ചുള്ള മറ്റുകാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കുന്നതിനും മറ്റു വിധത്തിൽ മെത്രാപ്പോലീത്തായെ സഹായിക്കുന്നതിനും ഉപദേശം നൽകുന്നതിനും സഭാകൗൺസിൽ എന്ന പേരിനാൽ അറിയപ്പെടുന്ന ഒരു കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

**163.** മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാമാർ, സീനിയർ വികാരിജനറാൾ, അർക്കദിയാക്കോന്മാർ, ട്രസ്റ്റികൾ, സെക്രട്ടറി എന്നിവർ ഔദ്യോഗിക നിലയിൽ സഭാകൗൺസിലിൽ അംഗങ്ങളായിരിക്കുന്നതാണ്.

വികാരിജനറാളന്മാരിൽ ആദ്യം നിയമനം ലഭിച്ചയാൾ (ഒരേ സമയത്തു വികാരിജനറാളന്മാരായി നിയമനം ലഭിച്ചവരാണെങ്കിൽ, അവരിൽ പട്ടത്തമൂപ്പ് ഉള്ളയാൾ) സീനിയർ വികാരിജനറാൾ ആകുന്നു. ഒരേ സമയം കശ്ശീശപട്ടം ലഭിച്ചിട്ടുള്ളവരിൽ പ്രായംകൂടിയ ആളിനു പട്ടത്തമൂപ്പ് ഉള്ളതായി പരിഗണിക്കേണ്ടതാണ്.

**164.** (1) മുൻപറഞ്ഞ ഔദ്യോഗികാംഗങ്ങൾക്കു പുറമേ;

(a) ഔദ്യോഗികാംഗങ്ങളുടെ രണ്ടരഇരട്ടി ($2\frac{1}{2}$ Times) യിൽ കുറയാതെ പ്രതിനിധിമണ്ഡലത്തിൽ നിന്നും മണ്ഡലാംഗങ്ങൾ തെരഞ്ഞെടുക്കുന്ന ആളുകളും;

(b). സഭയുടെ മിഷനറിവേലയുടെ ഫലമായി സഭാംഗങ്ങളായിത്തീർന്നിട്ടുള്ളവരിൽപ്പെട്ട മണ്ഡലാംഗങ്ങളിൽ നിന്നു മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യുന്ന ഒരാളും സഭാകൗൺസിലിൽ അംഗങ്ങളായിരിക്കുന്നതാണ്.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

കാര്യങ്ങാം സാധാരണയായി അസംബ്ലിയിൽ ആലോചനയ്ക്കു എടുക്കാൻ പാടില്ലാത്തതുമാണ്.

എന്നാൽ ഭദ്രാസനത്തിന്റെ പൊതുതാല്പര്യം, നയം, ഭരണം ഇവ സംബന്ധിച്ചു അസംബ്ലി അംഗങ്ങളിൽ 24–ൽ കുറയാതെ ആളുകാം യോഗത്തീയതിക്കു രണ്ടു വാരത്തിനു മുമ്പെങ്കിലും രേഖാമൂലം അറിയിക്കുന്ന പ്രമേയങ്ങാം കാര്യപരിപാടിയിൽ ഉാംപ്പെടുത്തിയിരിക്കേണ്ടതാണ്. പ്രസ്തുത പ്രമേയത്തെപ്പറ്റി കൗൺസിലിന്റെ അഭിപ്രായം അസംബ്ലിയിലേയ്ക്കു അയയ്ക്കാവുന്നതാണ്.

220. വാർഷിക റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും സംഗതികളെക്കുറിച്ചോ, വരവുചെലവുകളെ സംബന്ധിച്ചോ റിപ്പോർട്ടുവതത്സരത്തിൽ ഭദ്രാസനത്തിൽ നടന്നതും ഭദ്രാസനത്തെ സംബന്ധിക്കുന്നതോ ആയ ഏതെങ്കിലും സംഭവത്തെക്കുറിച്ചോ സെക്രട്ടറിയോടു ചോദ്യം ചോദിക്കുന്നതിനും ഉപചോദ്യം ചോദിക്കുന്നതിനും അംഗങ്ങാംക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

221. അസംബ്ലി അംഗങ്ങളിൽ ആരുടെയെങ്കിലും നിയമനമോ, തിരഞ്ഞെടുപ്പോ അസാധുവാകുന്നു എന്ന കാരണത്താലോ, അംഗത്തെ നിയമിക്കുവാൻ അവകാശമുള്ളവർ അംഗത്തെ നിയമിച്ചില്ല എന്നു കാരണത്താലോ, വിജ്ഞാപനം ലഭിച്ചില്ല എന്ന കാരണത്താലോ അസംബ്ലി നടപടികാം അസാധുവാകുന്നതല്ല.

## അദ്ധ്യായം 11

# അസംബ്ളി തിരഞ്ഞെടുപ്പ്

222. ഓരോ ഇടവകയ്ക്കും അതിന്റെ സമ്മതിദായകപ്പട്ടിക ഉണ്ടായിരിക്കേണ്ടതാണ്.

223. ഇടവക രജിസ്റ്ററിൽ പേരുള്ളവരും ഇടവകയിൽ വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നവരും 18 വയസ്സിൽ കുറയാതെ പ്രായമുള്ളവരും പള്ളിക്കുറ്റം പ്രമാണിച്ച് മേലധികാരത്തിൽനിന്നും ഇടവകാംഗത്വം തടഞ്ഞിട്ടില്ലാത്തവരുമായ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

യും ചെയ്യേണ്ടതാണ്. ഒരു സമയം ഒന്നിലധികം പേർ സംസാരിച്ചുകൂടാത്തതും ഒരാൾ സംസാരിക്കുമ്പോൾ മറ്റൊരാൾ ഇടയ്ക്കുകയറി പറയുകയോ തടസ്സപ്പെടുത്തുകയോ ചെയ്തുകൂടാത്തതുമാണ്.

317. കൗൺസിൽ മെമ്പറന്മാർക്കു് അറിയേണ്ട സംഗതികൾ സെക്രട്ടറിയോടു ചോദിക്കാവുന്നതും ചോദ്യങ്ങൾക്കു് സെക്രട്ടറി ഉത്തരം നൽകേണ്ടതുമാണ്.

## അദ്ധ്യായം 14

## ഇടവക

3]8. മലങ്കര മാർത്തോമ്മാ സുറിയാനി സഭാംഗങ്ങളിൽ ഒരു പള്ളിയിൽ ആരാധിച്ചുവരുന്നവരും ആ ഇടവകയുടെ ഇടവകരജിസ്റ്ററിൽ പേരുള്ളവരും ആ ഇടവകയുടെ അംഗങ്ങളാകുന്നു.

318. A ഇടവക സന്ധാരണത്തിനും ക്രിസ്തീയ സാക്ഷ്യത്തിനും, സേവനത്തിനും വേണ്ടിവരുന്ന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്വമേധയാ സംഭാവനകൾ നൽകേണ്ടത് വരുമാനമുള്ള എല്ലാ ഇടവകാംഗങ്ങളുടെയും ക്രിസ്തീയ കടമയാകുന്നു. ഈ ദൃശ സംഭാവനകളുടെയും വാഗ്ദാനങ്ങളുടെയും ലിസ്റ്റുകൾ ക്രമമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഇടവക സംഘത്തിൽ തിരട്ടും ബഡ്ജറ്റും അവതരിപ്പിക്കുന്നതോടൊപ്പം ടി ലിസ്റ്റുകളും കൂടി സമർപ്പിക്കാവുന്നതുമാണ്.

319. ഇടവക രജിസ്റ്ററിൽ പേരുള്ളവരും ഇടവകയിൽ വിശുദ്ധകുർബാന കൈക്കൊള്ളുന്നവരും 18 വയസ്സിൽ കുറയാതെ പ്രായമുള്ളവരും പള്ളിക്കുറ്റം പ്രമാണിച്ചു മേലധികാരത്തിൽ നിന്നും ഇടവകാംഗത്വം തടഞ്ഞിട്ടില്ലാത്തവരുമായ എല്ലാ ഇടവകാംഗങ്ങൾക്കും ഇടവകസംഘത്തിൽ അംഗമാകുന്നതിനവകാശമുണ്ടായിരിക്കുന്നതാണ്.

എപ്പിസ്കോപ്പൽ സിനഡ് അപ്പഴപ്പോൾ തയ്യാറാക്കി നടപ്പിൽ വരുത്തുന്ന നടപടി ക്രമം അനുസരിച്ച്, വികാരി ഇടവകസംഘാംഗങ്ങളുടെ റജിസ്റ്റർ തയ്യാറാക്കുകയും

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

## അദ്ധ്യായം 15

# വിവാഹനിബന്ധനകൾ

### 368 (a) ആമുഖം

''ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു''—''മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; ഞാൻ അവനു തക്കതായ ഒരു തുണ ഉണ്ടാക്കികൊടുക്കും എന്നരുളിച്ചെയ്തു''—''അതുകൊണ്ട് പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞു ഭാര്യയോടു പറ്റിച്ചേരും; അവർ ഏക ദേഹമായി തീരും'' ഉല്പത്തി 1: 27: 2. 18, 24.

ഈ വചനങ്ങളുടെ വെളിച്ചത്തിൽ വിവാഹം സൃഷ്ടിയുടെ ഉദ്ദേശത്തിൽ അന്തർലീനവും, ഒരു പുരുഷനുംസ്ത്രീയും തമ്മിൽ മരണംവരെ നിണ്ടുനിൽക്കുന്ന അതിപാവനമായ ഒരു ബന്ധവുമാകുന്നു. ദമ്പതികൾക്കു തങ്ങളുടെ ചുമതലകൾ നിർവഹിക്കുന്നതിനു ദൈവകൃപ അത്യന്താപേക്ഷിതമാണ്. നമ്മുടെ കർത്താവ് അനുഗ്രഹിച്ചിട്ടുള്ളതും ആത്മീയ നൽവരങ്ങൾക്കും ജീവിതത്തിന്റെ പൂർണ്ണത പ്രത്യക്ഷമായി അനുഭവപ്പെടുന്നതിനും മുഖാന്തരവുമായ ക്രൈസ്തവ വിവാഹ കർമ്മത്തിലൂടെ ഒന്നായിത്തീരുന്ന ഭാര്യഭർത്താക്കന്മാർ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന എല്ലാ ദാനങ്ങളും പൂർണ്ണമായ ജീവിതസംയോജനത്തിനുവേണ്ടി ഉപയോഗിക്കുന്നത് വലിയൊരു പദവിയായി കരുതേണ്ടതാണ്. കർത്താവും, സഭയും തമ്മിലുള്ള അദൃശ്യവും യഥാർത്ഥവും അർത്ഥപൂർണ്ണവുമായ ബന്ധത്തിനു സദൃശ്യമായ ഐക്യമാകുന്നു വിവാഹംമൂലം ദമ്പതികൾക്കു ലഭിക്കുന്നത്.

അതിനാൽ വിവാഹത്തിലേക്ക് പ്രവേശിക്കുന്നവർക്ക, ആയുഷ്കാലം മുഴുവൻ അഴിവുകൂടാതെ നിലനിൽക്കുന്ന ആ ബന്ധത്തിന്റെ പവിത്രതയെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും കുറിച്ചു പൂർണ്ണമായ പരിജ്ഞാനം നൽകുവാൻ സഭക്ക് കടമയുണ്ട്. അന്യോന്യം ഉറ്റസ്നേഹവും കറപുരളാത്ത വിശ്വസ്തതയും പുലർത്തിക്കൊണ്ട് സന്താനപുഷ്ടി പ്രാപിക്കുവാനും പരസ്പരം സഹായിക്കുവാനും സുഖദുഃഖങ്ങളിൽ പങ്കാളിത്തം വഹിക്കുവാനും, എല്ലാ വെല്ലുവിളികളെയും ജീവിതപ്രശ്നങ്ങളെയും യേശുക്രിസ്തുവിൽ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

## ഫാറം B (3)

## പ്രതിനിധിമണ്ഡല തിരഞ്ഞെടുപ്പിനുള്ള ബാലററുപേപ്പർ

| സ്ഥാനാർത്ഥിയുടെ വീട്ടു പേരും, പേരും ഇരട്ടപ്പേരും | ആരെ തിരഞ്ഞെടുക്കുന്നു എന്നു കാണിക്കുന്ന × അടയാളം |
|---|---|
| 1. ... ... ... ... ... ... | ... ... ... ... ... ... |
| 2. ... ... ... ... ... ... | ... ... ... ... ... ... |
| 3. ... ... ... ... ... ... | ... ... ... ... ... ... |

ക്രമനമ്പർ............

പോളിംഗ് ഓഫീസറുടെ അടയാളം.................

N. B. Counter foil ഉണ്ടായിരിക്കേണ്ടതും അതിൽ ക്രമ നമ്പർ, ഇടവക തിരഞ്ഞെടുപ്പുതീയതി, സ്ഥാനാർ ത്ഥികളുടെ പേര് ഇവ കാണിക്കേണ്ടതുമാണ്.

## ഫാറം B (4)

... .................. ഇടവകയിലെ പ്രതിനിധിമണ്ഡല തിരഞ്ഞെടുപ്പ് ഫലം കാണിക്കുന്ന ഫാറം

| സ്ഥാനാർത്ഥിയുടെ പേരും ഇരട്ടപ്പേരും | സാധുവായിട്ടുള്ള വോട്ടുകളുടെ എണ്ണം |
|---|---|
| 1. | |
| 2. | |
| 3. | |
| ആകെ സാധുവായ വോട്ടുകൾ | |

അസാധുവായ വോട്ടുകളുടെ എണ്ണം

വികാരി ഒപ്പ്

ആണ്ട് മാസം ന-

സ്ഥലം

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

## 9. ഫാറം C

### രക്ഷാനിധി അപേക്ഷാഫാറം

| അപേക്ഷകന്റെ പേരും ഇരട്ടപ്പേരും | വീട്ടുപേര്, മുറി, താലൂക്ക് മുതലായ സ്ഥിര മേൽവിലാസം | തൽക്കാല മേൽവിലാസം | ജനനത്തീയതി | ശമ്പളം തരുന്ന ഇടവകയുടെയോ സ്ഥാപനത്തിന്റെയോ പേര് | ശമ്പളത്തുക | വരിസംഖ്യ | പാരിതോഷികം | അവകാശി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

ടി നിധിയിൽ താഴെ പേരെഴുതി കയ്യൊപ്പിട്ടിരിക്കുന്ന എന്നെ ഒരു വരിക്കാരനായി ചേർക്കണമെന്നു അപേക്ഷിക്കുന്നു. നിധിസംബന്ധിച്ചു അപ്പഴപ്പോൾ ഊർജ്ജിതത്തിൽ ഇരിക്കുന്ന നിബന്ധനകൾ അനുസരിച്ചു നടന്നുകൊള്ളാമെന്നു സമ്മതിച്ചിരിക്കുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ പേരും ഒപ്പും.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

## ഇടവക ട്രസ്റ്റികൾ എഴുതിവയ്ക്കേണ്ട സമ്മതപത്രം

സ്റ്റാമ്പ്.

.........ആണ്ട്..................മാസം...... —ാംനു-............

..............................മാർത്തോമ്മാ ഇടവകയുടെ എപ്പി

സ്കോപ്പാ തിരുമുമ്പാകെ......... . ........................

ഇടവകയിൽ ..................................................

....... .................................................... കുടി

## എഴുതിവച്ച സമ്മതപത്രം

ഞങ്ങളിൽ ഒന്നാം പേരുകാരൻ.......................... ...........................ഇടവകയുടെ മുതൽ ചുമതലയും രണ്ടാം പേരുകാരൻ കണക്കു ചുമതലയും............—ാം തീയതി മുതൽ ഒരു കൊല്ലത്തേക്കു വഹിക്കുന്നതിനു ഇടവക സംഘം തിരഞ്ഞെടുക്കുകയും തിരുമനസ്സുകൊണ്ട് ആ തിരഞ്ഞെടുപ്പിനെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നതിനാൽ ഒന്നാം പേരുകാരൻ പണച്ചുമതലയും രണ്ടാം പേരുകാരൻ കണക്കു ചുമതലയും സഭാ സംഘടനയും റൂളുകളും അനുസരിച്ചു വഹിച്ചുകൊള്ളാമെന്ന് സമ്മതിച്ചിരിക്കുന്നു. മേൽപറഞ്ഞ കാലാവധിക്കുള്ളിൽ തിരുമനസ്സിലെ അനുമതിപ്രകാരം ഈ ചുമതലകളിൽനിന്നു ഒഴിയുന്നതിന്നു ഞങ്ങൾക്കും ഒഴിക്കുന്നതിനു് ഭൂരിപക്ഷ തീരുമാനമനുസരിച്ച് ഇടവകസംഘത്തിനും കല്പനമൂലം തിരുമനസ്സിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതുമാണ്. സ്ഥാവരജംഗമസ്വത്തുക്കൾ ഇടവകയ്ക്കുവേണ്ടി വാങ്ങിക്കയോ വിൽക്കുകയോ ചെയ്യുന്നതു ഇടവകസംഘത്തിന്റെ നിശ്ചയത്തോടും തിരുമനസ്സിലെ അനുമതിയോടും നിശ്ചയത്തോടുംകൂടിമാത്രം ചെയ്യുന്നതാണ്. സ്ഥാവരസ്വത്തുക്കൾ വില്ക്കുകയോ ഋണപ്പെടുത്തുകയോ തിരുമനസ്സിലെ അനുമതി വാങ്ങാതെ ഒരിക്കലും ചെയ്യുന്നതല്ലാത്തതാകുന്നു. വികാരിയുടെ ചുമതലയിൽ സൂക്ഷിക്കുന്ന കർമ്മസംബന്ധമായ ജംഗമങ്ങൾ ഒഴിച്ചുള്ള ജംഗമ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam

Digital Library of Christianity in India

www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org